പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1001**

25.01.2018-ലെ മറുപടി

## കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.എ.റഹീം | | മാത്യു ടി.തോമസ് (ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ പൈപ്പിടുന്നതിന് ആവശ്യമായ അനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ചിട്ടും പ്രവൃത്തികൾ ഇഴഞ്ഞു നീങ്ങുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭൂരിഭാഗം റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അനുമതി ലഭിച്ച മിക്കവാറും റോഡുകളിലും പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ അടുത്ത കാലത്ത് അനുമതി ലഭിച്ച ചില റോഡുകളിൽ പണി ആരംഭിക്കുവാനോ കാര്യമായ പുരോഗതി കൈവരിക്കുവാനോ കഴിഞ്ഞിട്ടില്ല. വലിയ വ്യാസങ്ങളിലുള്ള ഡി.ഐ പൈപ്പുകൾ സ്ഥാപിക്കാനുള്ളതുകൊണ്ട് പണി ആരംഭിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിനായി കൂടുതൽ സമയം വേണ്ടിവരുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. കൂടാതെ തിരക്കേറിയ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നു. ജോലി ത്വരിതപ്പെടുത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിന് സത്വര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ബി) കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | 2019 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തിയാക്കി പൂർണ്ണമായ തോതിൽ ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ